# ശരശയ്യ



എന്റെ സ്വപ്നങ്ങളുമൊന്നിച്ചിതേ വഴി
കൈകോർത്തലഞ്ഞു നടന്ന യാമങ്ങളിൽ

എൻ നിശാഗന്ധികൾ പൂക്കുന്നതും നോക്കി
നില്ക്കുവാനാഗ്രഹിച്ചെങ്കിലുമെന്തിനോ

അറ്റങ്ങൾ കാണാത്തൊരീവഴിത്താരയിൽ
അന്നും മനുഷ്യനെത്തേടിയലഞ്ഞു ഞാൻ.

കെട്ടടങ്ങാതെയുന്നുള്ളിൽ ജ്വലിക്കുന്ന
ദുഃഖസത്യങ്ങൾ തന്നഗ്നികുണ്ഡങ്ങളിൽ

വെട്ടിയരിഞ്ഞു ഞാൻ ഹോമിച്ചു നിങ്ങൾതൻ
കെട്ടൊരീ സാമൂഹ്യനീതിശാസ്ത്രങ്ങളെ.

സ്വർണ്ണനാണ്യങ്ങൾക്കു ദൈവത്തെ വിൽക്കുന്ന
ദല്ലാളർ നോക്കിപ്പകച്ചുനിൽക്കുമ്പോൾ ഞാൻ

മുങ്ങിയെടുത്തു പ്രതിഷ്ഠിച്ചു മുന്നിലെ-
ന്നുള്ളിലുമെന്നാത്മചൈതന്യ വിഗ്രഹം.

ഞെട്ടിയുണർന്നു ഞാൻ മാനവസംസ്കൃതി
പിച്ചവച്ചീവഴി വന്ന യുഗങ്ങളിൽ

ആരു തീർത്തീമണൽത്തിട്ടകൾ, വേലികൾ
ആരു തീർത്തീമതിൽക്കെട്ടുകൾ, കോട്ടകൾ?

തട്ടിത്തകർത്തവ പിന്നെയും മുന്നോട്ടു
മുന്നോട്ടു പോകുമെൻ മാർഗ്ഗമദ്ധ്യങ്ങളിൽ

കൊന്തയും പൂണൂലുമായ് നോക്കിനിൽക്കുന്ന
ഗർവമേ, നിന്നെയവഗണിക്കുന്നു ഞാൻ.

നിത്യഹരിതമീപ്പുൽപ്പരപ്പിൽ, ധ്യാന-
മഗ്നരായ് നിമിഷങ്ങൾ മിഴിയടയ്ക്കേ

മായാത്ത, മാറാത്തൊരെൻ മുറിപ്പാടുമായ്
ഈരാത്രി ഞാനീക്കുരുക്ഷേത്ര ഭൂമിയിൽ

വന്നു നിൽക്കുന്നു പിതാമഹ! നിൻ ശര-
ശയ്യയ്ക്കു മുന്നിലനുഗ്രഹം തേടുവാൻ.

ഏകാന്ത ശാന്തമീയന്തരീക്ഷത്തിലെൻ
മൂകാശ്രു വീണു നനവാർന്ന മണ്ണിതിൽ

പൂജാമലരുകളില്ലാതെ, മന്ത്രവും
വേദവും ചൊല്ലാതെയൊറ്റയ്ക്കു നിൽപു ഞാൻ

രക്തം കലർന്നിന്നു വീണ്ടുമൊഴുകുമീ
ഗംഗയിൽ മുങ്ങിക്കുളിക്കുന്ന ഭക്തിയിൽ

വീണു പിടയുന്നു ബുദ്ധനും ക്രിസ്തുവും
പുണ്യവാനായ പ്രവാചക ശ്രേഷ്ഠനും.

അറ്റങ്ങൾ കാണാത്തൊരീ യുദ്ധഭൂമിയിൽ
ഇന്നും മനുഷ്യനെത്തേടിയെത്തുന്നു ഞാൻ.

കണ്ടുവോ നിങ്ങളാരാനുമീ ഭൂമിയിൽ
പണ്ടു നടന്ന മനുഷ്യനെയീവഴി? ■